# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 27/12/2021

1. കഴക്കൂട്ടം കൃഷിഭവൻ പരിധിയിൽ ഉൾപ്പെടുന്ന കഴക്കൂട്ടം, ചന്തവിള, കാട്ടായിക്കോണം വാർഡുകളിലെ തെങ്ങുകളുടെ സമഗ്ര രോഗ കീട നിയന്ത്രണവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് **കേരഗ്രാമം പദ്ധതി** നടപ്പിലാക്കുന്നു. പദ്ധതിപ്രകാരം തെങ്ങിന് തടമെടുത്ത് ജൈവവളം, ജൈവകീടനാശിനി എന്നിവ പ്രയോഗിച്ച് നൽകുന്നതാണ്. നിലവിൽ പ്രസ്തുത പ്രവർത്തനങ്ങൾ ചെയ്തിട്ടുള്ളവർക്ക് ആനുപാതികമായ സബ്സിഡി നൽകുന്നതാണ്. കൂടാതെ തെങ്ങുകയറ്റ യന്ത്രത്തിന് 2000 രൂപയും, പമ്പ് സെറ്റ്, കിണറിന് 10000 രൂപയും, കണിക ജലസേചനം, ജൈവ വള നിർമാണ യൂണിറ്റ് എന്നീ ആനുകൂല്യങ്ങൾ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതാണ്. പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തെങ്ങിന്റെ തടം തുറന്ന് ജൈവവളം പ്രയോഗിക്കുന്നതിന് ആവശ്യമായ തൊഴിലാളികളുടെ സേന രൂപീകരിക്കുന്നു. ആയതിലേക്ക് കൃഷിപ്പണികൾ കരാർ വ്യവസ്ഥയിൽ ചെയ്യുവാൻ താൽപര്യമുള്ള സ്ത്രീപുരുഷന്മാർ കൃഷി ഭവനുമായി **9847565015, 9745654760, 9020333414, 9961800826** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നടീൽ വസ്തുക്കളുടെ ഉത്പാദനവും വിൽപനയും, ഇടവിളകളുടെയും വൃക്ഷങ്ങളുടെയും പരിപാലനം, പച്ചക്കറി വളങ്ങൾ, തീറ്റപ്പുൽകൃഷി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. കുറഞ്ഞത് അഞ്ചു

വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കും.

3. കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

4. **സരോജിനി ദാമോദരൻ ഫൗണ്ടേഷൻ** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ നൽകിവരുന്ന 13-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. മൂന്നു വർഷത്തിനുമേൽ പൂർണമായും ജൈവഭക്ഷണകൃഷി ചെയ്യുന്നവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘുവിവരണവും, പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരുന്നതിനുള്ള വഴിയും, ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയയ്ക്കാൻ പാടില്ല. അപേക്ഷകൾ 2022 **ജനുവരി 31**-ന് മുമ്പായി ലഭിച്ചിരിക്കണം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം കെ.വി.ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ, ആലപ്പുഴ-688525. കൂടുതൽ വിവരങ്ങൾക്ക് **9447114526** എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ജനുവരി മാസം 04, 05 തീയതികളിൽ **പഴം-പച്ചക്കറി സംസ്കരണം** എന്ന വിഷയത്തിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 500 രൂപയാണ്. താൽപര്യമുള്ളവർ **8848420984, 9495118208** എന്നീ നമ്പരുകളിലോ, **8848420984** എന്ന വാട്ട്സാപ്പ് നമ്പരിലൂടെയോ, tssvellayni@kau.in എന്ന ഇ-മെയിൽ വിലാസത്തിലൂടെയോ, കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ്/കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ഓഫീസിൽ നേരിട്ടോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

6. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ദ്വിദിന പരിശീലനം ഇന്നും നാളെയുമായി (ഡിസംബർ 27,28) നടത്തുന്നു. താൽപ്പര്യമുള്ളവർ **0473-4299869, 9495390436, 7025216927, 6238355698** എന്നീ ഫോൺ നമ്പരുകളിൽ വിളിക്കുകയോ വാട്ട്സാപ്പ് ചെയ്തോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിൽ 2022 ജനുവരി മാസം 1-ാം തീയതി ആരംഭിക്കുന്ന **"ഹൈടെക് കൃഷി"** എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ (MOOC) പഠിക്കാൻ താല്പര്യമുള്ളവർ ഈ മാസം 31-നകം (ഡിസംബർ 31 നകം) പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പതിനൊന്ന് സെഷനുകളിലായി 25 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെഎയു MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് 2022 ജനുവരി 1 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

8. മഴക്കാലത്തും മഞ്ഞുകാലത്തും വ്യാപകമായി **ചീരയിൽ** കാണാൻ സാധ്യതയുള്ള ഒരു രോഗമാണ് **ഇലപ്പുള്ളി രോഗം.** ഇലകളിൽ വെള്ള നിറത്തോടു കൂടിയ പൊട്ടുകൾ പ്രത്യക്ഷപ്പെടുന്നതാണ് ആരംഭലക്ഷണം. രോഗം വരാതെ പ്രതിരോധിക്കുന്നതിനായി പച്ചയും ചുവപ്പും ചീരകൾ ഇടകലർത്തി നടുക. സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 10 ദിവസത്തെ ഇടവേളകളിലായി തളിച്ച് കൊടുക്കുക. ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച് ചാണകം മണ്ണിൽ ചേർത്ത് കൊടുക്കുക. 40 ഗ്രാം പാൽക്കായം, 8 ഗ്രാം അപ്പക്കാരം, 32 ഗ്രാം മഞ്ഞൾപൊടി എന്നിവ 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ച് കൊടുക്കുന്നതും രോഗ പ്രതിരോധ ശേഷിയ്ക്ക് ഉപകരിക്കും. രോഗം നിയന്ത്രിക്കുന്നതിനായി പുതിയ ചാണകത്തിന്റെ തെളിഞ്ഞ ലായനിയിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്ററിന് എന്ന തോതിൽ ഇലകളിൽ തളിച്ച് കൊടുക്കുക.